# ശങ്കരത്തിൽ കുടുംബത്തിന്നടിവേരുകൾ

(എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്)

ഗുരുവരനാകിന തോമ്മാ ശ്ലീഹാ
മലയാങ്കരയതി ലീശനിയോഗാൽ
മശിഹാകാലം അമ്പതുരണ്ടതിൽ
സുവിശേഷ പ്രഘോഷണമായെത്തി.

അത്ഭുതവൃത്തി, പ്രേഷിതവേലയാൽ
മാർത്തോമ്മായിങ്കലാകൃഷ്ടരായ്‌ ജനം
അപ്പോസ്തോലനിൽ വിസ്മയരാർന്നവർ
പാലിയൂർ പറവൂരിവിടങ്ങളിലായ്
പലബ്രാഹ്മണകുലർ ക്രിസ്ത്യാനികളായ്
സ്നാനികളായതു നാലു കുടുംബകർ
പകലോമറ്റം, ശങ്കരപുരിയും
കള്ളി, കാളിയാങ്കലെന്നില്ലങ്ങളും.
പകലോമറ്റം, ശങ്കരപുരിയിൽ
വൈദികശ്രേഷ്ഠരനേകരുയർന്നു,
ശങ്കരപുരിയിന്നടിവേരുകൾതൻ
സംഗ്രഹമിവിടെ ചൊല്ലാൻ തുനിവേൻ.

ക്രിസ്ത്യാനികളായ് മാറിയ ബ്രാഹ്മണർ
സ്വദ്ദേശമതിലവഹേളിതരായ്
നാടും കൂടും വിട്ടവർ യാനംചെയ്കെ
അങ്കമാലി, കുന്നംകുളവും പൂകി,
യാത്ര തുടർന്നോരവിടുന്നധുനാ
ഏറ്റുമാനൂരമ്പലനടയാർന്നു;
ക്ഷേത്രാധിപരോ ടായഭയാർത്ഥികൾ
അൻപിന്നായിട്ടർത്ഥനചെയ്താനേരം
അർത്ഥികളവർതൻ സങ്കട ഗാഥ
ക്ഷേത്രാധിപരാശ്രവിച്ചഥനേരം
ക്ഷേത്രത്തിന്നേഴുനാഴിക വടക്കായ്
'കാളിക്കാവി' ൽ പാർക്കാനവർക്കനുവായ്
കാളി ഹനിച്ചിടുമവിടെ പ്പാർക്കിൽ
എന്നവരകമേ കരുതീട്ടുണ്ടാം,
വഞ്ചനയറിയാതർത്ഥികൾ രാവിൽ
പ്രാർത്ഥനാജപവുമായ്ക്കാവിൽ പാർത്തു,
കാളിക്കാവിൽ ജീവനോടിരുന്നവർ
വഞ്ചകരാവില്ലെന്നു നിനച്ചവർ
ഏതോ സിദ്ധരവരെന്നും കരുതി
കാവിൽ കഴിയാനനുവാദവുമായ്

കാലം തെല്ലു കഴിയവെ കാടിനെ
നാടായ് മാറ്റിയാ കഠിനാദ്ധ്വാനികൾ
നൂറേക്കർ സ്ഥലം നാലു കുലത്തിനായ്
തീറാധാരമായ് ദാനവുമേകിനാർ.
കാടുകൾ മേടുകൾ വെട്ടിനിരത്തി
കർഷകവർദ്ധിതരായവർ മേവി
കാളിക്കാവിനു വടക്കൊരു മേട്ടിൽ
ആടിനെത്തീറ്റിയ കുട്ടികൾക്കന്നാൾ
കന്യാമറിയം  വെളിപ്പെട്ടൊരുനാൾ
നൽകീ പലവിധ പഴവർഗ്ഗങ്ങൾ
ചാരേ വറ്റാത്തരുവിയും വെളിവായ്.
മുന്നൂറ്റി മുപ്പത്തഞ്ചിലാ കുന്നിലായ്
തീർത്താരവിടൊരു ദേവാലയവും
വിഖ്യാതം കുറവിലങ്ങാട്ടെപ്പള്ളി

കുറവില്ലാനാടാം  കുറവിലങ്ങാട്ട്
കാർഷികവൃത്തി, കളരിപ്പയറ്റിൽ
വൈദ്യം, മാന്ത്രികമെന്നതിലഗ്രിമർ
ആരെയും വെല്ലും കഴിവുറ്റവരായ്.
ശങ്കരപുരിയിൽ പകലോമറ്റ -
ത്തർക്കദിയോർക്കന്മാർ പലരുണ്ടായി
സാരഥ്യത്താൽ മലങ്കരസഭയിൽ
അർക്കദിയോക്കർ ഭരണം ചെയ്തവർ

ചാതുർകുലങ്ങൾ വളർന്നു പരന്നു
നാലു കുലങ്ങൾ നാടിൻ പല പല
ഭാഗം പൂണർന്നു കുടുംബങ്ങളുമായ്
അർക്കദിയോക്കർ കുലത്തിലുയർന്നു
അർക്കദിയോക്കർ ക്കബറുകളുണ്ടേ
അഞ്ചെണ്ണമതാ കുറവിലങ്ങാട്ടിൽ.

ശങ്കരപുരീകുലം യാത്ര തുടർന്നു
പാലാ, തൊടുപുഴ, തലയനാട്ടിൽ,
കോതമംഗലം, കോട്ടയം, കുറിച്ചി
തിരുവല്ലാ, ചെങ്ങന്നൂർ, പന്തളത്തും,
കൈപ്പട്ടൂർ, കുമ്പഴ, മൈലപ്രായിലായ്
കോന്നി, വടക്കു കിഴക്കുപുറങ്ങൾ
തണ്ണിത്തോടു തേക്കുതോ,ടെലിമുള്ള്,
അഞ്ചൽ, ഇളമ്പൽ, കുളത്തൂപ്പുഴയിൽ
നൂറനാട്, മാവേലിക്കരയിലുമായ്
വാസം ചെയ്തവർ പടർന്നാളുകയായ്

ശങ്കരപുരിയിൻ പൂർവ്വികരെത്തി
പന്തളദേശത്തഭയാർത്ഥികളായ്
ആയുധവിദ്യകൾ, വൈദ്യം പലതാം
തുളുനാടൻ വിദ്യകളാഗതരെ

പന്തള രാജന്നഭിമതരാക്കി
ഉന്നതശ്രേണിയിലവരെയുയർത്തി.

ഖരംകാടെന്ന 'കടയ്ക്കാട്ട'വർക്കായ്
താവളമേകി ധനധാന്യവുമായ്
'ഖരനെ'ന്നുള്ളോരസുരനിവാസം
'ഖരംകാടെ'ന്നതാം നാമനിദാനം,
കാടു നിരത്തി ഫലപുഷ്ടിയിലായ്
ശങ്കരകുലമതിലാകെ നിറഞ്ഞു
'തലയനാട്ടു'ന്നെത്തിയോരവരെ
'തലയനാട്ടുകാരെ'ന്നു വിളിപ്പൂ.

ആയിരം തൊള്ളായിരമേഴുപത്തിൽ
'യൂയെസ്സ്'യിൽ നേതൃ സ്ഥാനീയരെത്തി
ശങ്കരത്തിൽ കുലം വാഴ്ക്കുന്നീ മണ്ണിൽ
ശങ്കരകുലമുണ്ടേറെ യീനാട്ടിൽ
എപ്പേരുമൊരു വൃക്ഷപ്പൂന്തണലിൽ
ഇപ്പാരിലേതു ദേശത്താണാകിലും
ശങ്കരപുരി വൃക്ഷ ശാഖികളായ്
സർവ്വേശാ സമഞ്ജസം കാത്തിടേണേ!

.. .. .. ..

ഫെബ്രുവരി ഇരുപത്തൊന്നിൻ തലയനാട്ടു ശ്രാദ്ധനാളിൽ
ശങ്കരപുരി കുടുംബങ്ങളൊത്തുകൂടുമേതുവിധേനേം
സാഹോദര്യം, കുടുംബസ്നേഹം തിളങ്ങിടുമാ പ്പെരുനാളിൽ
പുണ്യപിതൃക്കൾക്കഞ്ചു കുടീരേ ശ്രാദ്ധാഘോഷ ത്തിരുനാളിൽ
തീരാരോഗികൾ, ഭൂതഗ്രസ്തർ, അനപത്യാദുഃഖമിയന്നോർ -
ക്കാതങ്കമാറ്റിടുമെല്ലാ അർത്ഥികൾക്കു മാത്തിരുസവിധേ
കന്യാമേരീ നാമധേയ പുണ്യാലയവുമൊ ന്നുണ്ടവിടെ
മാതാവിൻ മാദ്ധ്യസ്ഥമണപ്പോർ ക്കാശ്വാസത്തിൻ ദീപമതായി
സന്തുഷ്ടിയു,മൈശ്വര്യവും സർവ്വേശ്വരാ ചൊരിഞ്ഞീടണമേ
ശങ്കരപുരി കുടുംബങ്ങളെ തൃക്കാരുണ്യാ കാത്തീടണേ. !

.............................................................

ഫിലഡെൽഫിയ
ഓഗസ്റ്റ് 23, 2014

ഫിലഡെൽഫിയായിൽ വച്ച് 2014 ഓഗസ്റ്റ് 23 ന നടന്ന കുടുംബ സംഗമ സമ്മേളനത്തിലേക്ക് എൽസി യോഹന്നാൻ ശങ്കരത്തിൽ രചിച്ച് അവതരിപ്പിച്ച കവിത.